# ആത്മനിർഭർ ഭാരത് (സ്വാശ്രയ ഭാരതം)

സത്യമേവ ജയതേ
ഭാരത സർക്കാർ

## ഭാഗം – 5: ഗവൺമെന്റ് പരിഷ്കാരങ്ങളും നടപടികളും

17.05.2020









# ഗവൺമെന്റ് പരിഷ്കാരങ്ങളും നടപടികളും

सत्यमेव जयते
Goverment Of India



**തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിനായി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി വിഹിതത്തിൽ 40,000 കോടി രൂപയുടെ വർദ്ധന**

- എം.ജി.എൻ.ആർ.ഇ.ജി.എസിന് കീഴിൽ സർക്കാർ 40,000 കോടി രൂപ അധികമായി അനുവദിക്കും
- മൊത്തം 300 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ഇത് സഹായിക്കും
- മടങ്ങിയെത്തുന്ന ഇതരസംസ്ഥാനതൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് മൺസൂൺ കാലത്തും കൂടുതൽ ജോലിക്കുള്ള സംവിധാനം
- ജല സംരക്ഷണം ഉൾപ്പെടെ സ്ഥിരവും ഉപജീവനമാർഗ്ഗവുമായ ആസ്തികളുടെ എണ്ണം വർധിപ്പിക്കും
- ഉയർന്ന ഉൽപാദനത്തിലൂടെ ഗ്രാമീണ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കും



# ആരോഗ്യ മേഖലയിലെ പരിഷ്കാരങ്ങളും പുതിയ നടപടികളും:

**പൊതു ജനാരോഗ്യ മേഖലയിൽ നിക്ഷേപം വർധിപ്പിക്കും**

- **ആരോഗ്യ മേഖലയിൽ പൊതു ധന വിനിയോഗം വർധിപ്പിക്കും**
- **അടിസ്ഥാന ആരോഗ്യ മേഖലയിലെ നിക്ഷേപം വർധിപ്പിക്കും**
  - ഗ്രാമീണ നഗര മേഖലകളിൽ ആരോഗ്യ സൗഖ്യ കേന്ദ്രങ്ങൾ കൂടുതലായി സ്ഥാപിക്കും

**ഭാരതത്തെ ഭാവിയിലുണ്ടാകുന്ന മഹാമാരികളിൽ നിന്നും സംരക്ഷിക്കാൻ –**

രാജ്യത്തെ എല്ലാ ജില്ലകളിലും സാംക്രമിക രോഗ പ്രതിരോധ ആശുപത്രി ബ്ലോക്കുകൾ സ്ഥാപിക്കും

പരിശോധന ലാബ് ശൃംഖലയെയും ജാഗ്രത ശക്തിപ്പെടുത്തൽ

- എല്ലാ ജില്ല ബ്ലോക്ക് അടിസ്ഥാനത്തിൽ സംയോജിത പൊതു ലാബുകൾ
- മഹാമാരികളെ ചെറുക്കാൻ ലാബുകളും പൊതു ആരോഗ്യ യൂണിറ്റുകളും

**ഗവേഷണം പ്രോത്സാഹിപ്പിക്കൽ –** ആരോഗ്യ സംരക്ഷണത്തിനായി ICMR ന് കീഴിൽഒരു ദേശീയ പ്ലാറ്റ്ഫോം

**ദേശീയ ഡിജിറ്റൽ ആരോഗ്യ മിഷൻ :** ദേശീയ ഡിജിറ്റൽ ആരോഗ്യ രൂപരേഖ പ്രാവർത്തികമാക്കൽ



# കോവിഡിനുശേഷം ടെക്നോളജിയുടെ സാധ്യതകൾ ഉപയോഗിച്ചു വിദ്യാഭ്യാസം

- **പിഎം ഇ വിദ്യ-** ഡിജിറ്റൽ / ഓൺലൈൻ വിദ്യാഭ്യാസത്തിന് വിവിധ മോഡുകളുള്ള പ്രവേശനത്തിനായി പ്രത്യേക പരിപാടി ഉടൻ ആരംഭിക്കും. താഴെപ്പറയുന്ന കാര്യങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു:

സംസ്ഥാനങ്ങൾ / കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസ ത്തിനായി ദിക്ഷ- എല്ലാ ഗ്രേഡുകൾക്കുമായി ഇ-ഉള്ളടക്കവും ക്യുആർ കോഡ് ഉൾക്കൊള്ളിച്ചിട്ടുള്ളതുമായ പാഠപുസ്തകങ്ങളും (ഒരു രാഷ്ട്രം, ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം)

1 മുതൽ 12 വരെ ക്ലാസ്സുകൾക്ക് പ്രത്യേക ടിവി ചാനലുകൾ (ഒരു ക്ലാസ്, ഒരു ചാനൽ)

റേഡിയോ, കമ്മ്യൂണിറ്റി റേഡിയോ, പോഡ്കാസ്റ്റുകൾ എന്നിവയുടെ വിപുലമായ ഉപയോഗം

**കാഴ്ച- ശ്രവണ വൈകല്യമുള്ളവർക്ക് പ്രത്യേക ഓൺലൈൻ** സംവിധാനം.

**മികച്ച 100 സർവ്വകലാശാലകൾക്ക്** 2020 മെയ് 30 നകം സ്വന്തമായി ഓൺലൈൻ കോഴ്സുകൾ ആരംഭിക്കാൻ അനുവാദം.

**മനോദർപ്പൺ –** മാനസികാരോഗ്യത്തിനും ക്ഷേമത്തിനുമായി വിദ്യാർത്ഥികൾ, അധ്യാപകർ, കുടുംബങ്ങൾ എന്നിവർക്കായുള്ള സംരംഭം ഉടൻ.

**സ്കൂൾ, ബാല്യകാലഘട്ടത്തിലുള്ളവർ, അധ്യാപകർ എന്നിവയ്ക്കായി** പുതിയ ദേശീയ പാഠ്യപദ്ധതി: ആഗോളതലത്തിൽത്തന്നെ 21-ാം നൂറ്റാണ്ടിൽ വേണ്ടുന്ന നൈപുണ്യശേഷികളുമായി സംയോജിപ്പിച്ചുള്ള പദ്ധതിയാകും ഇത്.

**ദേശീയ അടിസ്ഥാന സാക്ഷരത, ന്യൂമറസി മിഷൻ 2020 ഡിസംബറിൽ ആരംഭിക്കും.** അഞ്ചാം തരത്തിലെ ഓരോ കുട്ടിയും 2025 ഓടെ മികച്ച പഠന നിലവാരം കൈവരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായാണിത്.



# പാപ്പരത്വകോഡുമായി ബന്ധപ്പെട്ട നടപടികളിലൂടെ രാജ്യത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കും

Goverment Of India

- പാപ്പരത്വ നടപടികൾ ആരംഭിക്കാനുള്ള കുറഞ്ഞ പരിധി ഒരു ലക്ഷത്തിൽ നിന്നും ഒരു കോടി രൂപയായി ഉയർത്തി (ഇത് MSME കളെ കൂടുതലായി സംരക്ഷിക്കും )
- IBC കോഡിലെ സെക്ഷൻ 240 A ക്ക് കീഴിൽ MSME കൾക്കായി പ്രത്യേക പാപ്പരത്വ നിർണയ ചട്ടക്കൂട്
- മഹാമാരിയുടെ സ്ഥിതി അവലോകനം ചെയ്ത് പുതുതായി ആരംഭിച്ച പാപ്പരത്വ നടപടികളെ ഒരു വർഷത്തേക്ക് നിർത്തി വയ്ക്കും
- IBC കോഡിന് കീഴിൽ കോവിഡ് 19 നുമായി ബന്ധപ്പെട്ട കടങ്ങൾ ഡീഫോൾട് എന്ന വ്യഖ്യാനത്തിൽ നിന്നും ഒഴിവാക്കാൻ കേന്ദ്ര ഗവൺമെന്റിന് അധികാരം നൽകൽ

Goverment Of India

# കമ്പനി ആക്ട് പാലിക്കുന്നതിലെ പിഴവുകൾ ക്രിമനൽകുറ്റമല്ലാതാക്കൽ

- **സാങ്കേതികവും നടപടിക്രമപരവുമായ പാളിച്ചകൾ** (സിഎസ്ആർ റിപ്പോർട്ടിംഗിലെ പോരായ്മകൾ, ബോർഡ് റിപ്പോർട്ടിലെ അപര്യാപ്തതകൾ, തൽസ്ഥിതി ഫയൽ ചെയ്യുന്നത്, എജിഎം കാലതാമസം) എന്നിവയിൽ കമ്പനികൾവരുത്തിയ പിഴവുകൾ ക്രിമിനൽ കുറ്റമല്ലാതാക്കും

- നിയമലംഘനങ്ങളിൽ ഭൂരിഭാഗവും **ഇന്റേണൽ അഡ്ജുഡിക്കേഷൻ മെക്കാനിസ**ത്തിലേക്കു (ഐഎഎം) മാറ്റും

- ഭേദഗതികൾ ക്രിമിനൽ കോടതികളിലും എൻസിഎൽടികളിലും **കേസ്സുകൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കും**

- **7 തരത്തിലുള്ള നിയമലംഘനങ്ങൾ മൊത്തത്തിൽ ഉപേക്ഷിക്കുകയും 5 എണ്ണം ഇതര ചട്ടക്കൂടിനു കീഴിൽ കൈകാര്യം ചെയ്യുകയും ചെയ്യും.**

# കോർപറേറ്റുകൾക്ക് അവരുടെ വ്യവസായം സുഗമമായി നടത്തിക്കൊണ്ടു പോകാനുള്ള നടപടികൾ

- വ്യവസായ സൗഹൃദ സൂചികയിലെ, ഏകകങ്ങളായ സംരംഭം തുടങ്ങൽ, പാപ്പരത്വ റെസൊല്യൂഷൻ നടപടികൾ എന്നിവയിലെ പുരോഗതി രാജ്യത്തെ കൂടുതൽ വ്യവസായസൗഹൃദമാക്കി.

  - **മറ്റു പ്രധാന പരിഷ്കാരങ്ങൾ:**

• ഇന്ത്യൻ പൊതുമേഖല കമ്പനികൾക്ക് അനുവദിനീയമായ വിദേശവിപണികളിൽ സെക്യൂരിറ്റികൾ നേരിട്ട് ലിസ്റ്റ് ചെയ്യാനുള്ള അവസരം

• ഓഹരിവിപണികളിൽ നോൺ കോൺവെർട്ടബിൾ ഡിബഞ്ചേഴ്സ് NCDs- അവതരിപ്പിക്കുന്ന സ്വകാര്യ കമ്പനികളെ, ലിസ്റ്റഡ് കമ്പനികളായി പരിഗണിക്കില്ല

• 1956 ലെ കമ്പനീസ് നിയമത്തിലെ പാർട്ട് 9 A (പ്രൊഡ്യൂസർ കമ്പനികൾ) യെ 2013 ലെ കമ്പനീസ് നിയമത്തിൽ ഉൾപ്പെടുത്തും

• **അധിക/പ്രത്യേക ബെഞ്ചുകൾ തുടങ്ങാൻ NCLAT നു അധികാരം**

• ചെറുകിട കമ്പനികൾ, ഒരാൾ നടത്തുന്ന കമ്പനികൾ, പ്രൊഡ്യൂസർ കമ്പനികൾ, സ്റ്റാർട്ട്പ്പുകൾ എന്നിവ വരുത്തുന്ന വീഴ്ചകൾക്ക് കുറഞ്ഞ പിഴ



# നവീനവും സ്വയംപര്യാപ്തവുമായ ഇന്ത്യയ്ക്കായി പൊതുമേഖലാ എന്റർപ്രൈസ് നയം

सत्यमेव जयते
Goverment Of India

- കഴിഞ്ഞ ഏതാനും ദശകങ്ങളിൽ ഇന്ത്യയും ലോകവും ഏറെ മാറി

- **ഒരു പുതിയ ഏകീകൃത നയത്തിന്റെ ആവശ്യകത – എല്ലാ മേഖലകളും സ്വകാര്യമേഖലയ്ക്ക് തുറന്നുകൊടുക്കുമ്പോൾ, പ്രത്യേക മേഖലകളിൽ പൊതുമേഖലാ സംരംഭങ്ങൾ (പിഎസ്ഇ) ഒരു പ്രധാന പങ്ക് വഹിക്കും.**

  - അതനുസരിച്ച് സർക്കാർ ഒരു പുതിയ നയം പ്രഖ്യാപിക്കും

  - തന്ത്രപ്രധാന മേഖലകളിൽ സ്വകാര്യമേഖലയ്ക്ക്  അനുവാദം നൽകുമ്പോൾതന്നെ പൊതുമേഖലയിലെ കുറഞ്ഞത് ഒരുസംരംഭത്തിന്റെയെങ്കിലും സാന്നിദ്ധ്യം ഉറപ്പു വരുത്തും.

  - മറ്റ് മേഖലകളിൽ, പിഎസ്ഇകളെ സ്വകാര്യവൽക്കരിക്കും

  - ഭരണനിർവഹണ ചെലവ് കുറയ്ക്കുന്നതിന്, തന്ത്രപരമായ മേഖലകളിലെ സംരംഭങ്ങളുടെ എണ്ണം ഒന്നോ നാലോ മാത്രമായിരിക്കും. മറ്റുള്ളവ സ്വകാര്യവൽക്കരിക്കപ്പെടുകയോ, ലയിപ്പിക്കുകയോ ഹോൾഡിംഗ് കമ്പനികളുടെ കീഴിൽ കൊണ്ടുവരികയോ ചെയ്യും.

# സംസ്ഥാന ഭരണകൂടങ്ങൾക്ക് നേരത്തെ തന്നെ സഹായം നൽകി

Government Of India

- സംസ്ഥാനങ്ങളെപ്പോലെ തന്നെ, കേന്ദ്രവും വരുമാനത്തിൽ വലിയ കുറവ് നേരിടുന്നുണ്ട്.
- എങ്കിലും, ഈ പ്രതിസന്ധി ഘട്ടത്തിൽ കേന്ദ്രം സംസ്ഥാനങ്ങളെ കയ്യയച്ചു സഹായിച്ചു കൊണ്ടിരിക്കുന്നു
  - കേന്ദ്രബജറ്റിൽ പ്രതീക്ഷിച്ചിരുന്നതിലും കുറവ് വരുമാനമാണ് ലഭിച്ചത്. എന്നാൽ, സംസ്ഥാനങ്ങൾക്കുള്ള വിഹിതത്തിൽ കുറവ് വരുത്തിയിട്ടില്ല. ഏപ്രിൽ മാസത്തിൽ നികുതിയിനത്തിൽ വിതരണം ചെയ്തത്, 46,038 കോടി രൂപയാണ്.
  - കേന്ദ്രവിഭവങ്ങളിൽ പരിമിതികൾ ഉണ്ടെങ്കിലും, സംസ്ഥാനങ്ങൾക്കുള്ള വരുമാനക്കമ്മി സഹായമായി 12,390 കോടി രൂപ ഏപ്രിൽ, മെയ് മാസങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.
  - സംസ്ഥാന ദുരന്ത നിവാരണ നിധിയിലേക്ക് കഴിഞ്ഞ മാസം ആദ്യ ആഴ്ചയിൽ തന്നെ 11,092 കോടി രൂപ അനുവദിച്ചു
  - കോവിഡ് പ്രതിരോധ നടപടികൾക്കായി ആരോഗ്യമന്ത്രാലയത്തിൽ നിന്നും 4,113 കോടിയിലേറെ അനുവദിച്ചു.
  - കേന്ദ്രം നടത്തിയ അഭ്യർത്ഥന പ്രകാരം റിസേർവ് ബാങ്ക്
    - സംസ്ഥാനങ്ങളുടെ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ് 60 ശതമാനമായി വർധിപ്പിച്ചു.
    - സംസ്ഥാനങ്ങളുടെ തുടർച്ചയായ ഓവർഡ്രാഫ്ട് കാലാവധി 14 ൽ നിന്നും 21 ദിവസമായി വർദ്ധിപ്പിച്ചു.
    - ഒരു ക്വാർട്ടറിൽ സംസ്ഥാനങ്ങൾക്ക് ഓവർഡ്രാഫ്റ്റില് തുടരാൻ കഴിയുന്ന കാലാവധി 32 ൽ നിന്നും 50 ദിവസമാക്കി ഉയർത്തി

# സംസ്ഥാന സർക്കാരുകൾക്ക് പിന്തുണ

Government Of India

- മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഎസ്ഡിപി) 3 ശതമാനം അടിസ്ഥാനമാക്കുമ്പോൾ 2020-21 ലെ സംസ്ഥാനത്തിന്റെ നെറ്റ് ബോറോവിംഗ് പരിധി 6.41 ലക്ഷം കോടി രൂപയാണ്.

- അതിന്റെ 75 ശതമാനം 2020 മാർച്ചിൽ തന്നെ അവർക്ക് അനുവദിച്ചിട്ടുണ്ട്. അതിനുള്ള സമയം സംസ്ഥാനങ്ങൾക്ക് ഇനിയും അവശേഷിക്കുന്നു

- സംസ്ഥാനങ്ങൾ ഇതുവരെ വായ്പയെടുത്തത് അംഗീകൃത പരിധിയുടെ 14 ശതമാനം മാത്രമാണ്. **അംഗീകൃത വായ്പയുടെ 86 ശതമാനം ഉപയോഗിക്കാതെ തുടരുന്നു.**

- എന്നിരുന്നാലും, വായ്പയെടുക്കുന്നതിൽ 3 ശതമാനം മുതൽ 5 ശതമാനം വരെ പ്രത്യേക വർദ്ധന സംസ്ഥാനങ്ങൾ ആവശ്യപ്പെടുന്നു.

- മുമ്പൊന്നുമില്ലാത്ത സാഹചര്യം കണക്കിലെടുത്ത്, **2020-21 കാലഘട്ടത്തിൽ മാത്രം ഈ അഭ്യർത്ഥന അംഗീകരിക്കാനും സംസ്ഥാനങ്ങളുടെ വായ്പ പരിധി 3 ശതമാനത്തിൽ നിന്ന് 5 ശതമാനമായി ഉയർത്താനും കേന്ദ്രം തീരുമാനിച്ചു.**

- 

- ഇത് സംസ്ഥാനങ്ങൾക്ക് **4.28 ലക്ഷം കോടി രൂപയുടെ അധിക വിഭവങ്ങൾ നൽകും**

# സംസ്ഥാനങ്ങൾക്കുള്ള സഹായം: സംസ്ഥാനതല പരിഷ്കാരങ്ങളെ പ്രോത്സാഹിപ്പിക്കൽ

Goverment Of India

- സാമ്പത്തിക കമ്മീഷന്റെ ശുപാർശകൾ ഉൾപ്പടെയുള്ള പ്രത്യേക പരിഷ്കാര നടപടികളുമായി വായ്പകളിൽ ഒരുഭാഗം ബന്ധപ്പെടുത്തും.
  - ഭാവിയിലെ ഉയർന്ന ഏടഉജ വളർച്ച, കുറഞ്ഞ കമ്മി എന്നിവയിലൂടെ ഇപ്പോഴെടുക്കുന്ന അധിക വായ്പകളുടെ സുസ്ഥിരത ഉറപ്പാക്കും.
  - കുടിയേറ്റത്തൊഴിലാളികളുടെ ക്ഷേമംഉറപ്പാക്കും, ഭക്ഷ്യവിതരണത്തിലെ പോരായ്മകൾ പരിഹരിക്കും.
  - നിക്ഷേപങ്ങളിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ
  - ഊർജരംഗത്തെ സുസ്ഥിരമാക്കുന്നതിനൊപ്പം കർഷകരുടെ താല്പര്യങ്ങളും സംരക്ഷിക്കും
  - നഗരവികസനം, ആരോഗ്യരംഗം, ശുചിത്വം എന്നിവ പ്രോത്സാഹിപ്പിക്കും

ഇനി പറയുന്ന മാതൃകയിൽ ഒരു പ്രത്യേക പദ്ധതി ധനവിനിയോഗ വകുപ്പ് വിജ്ഞാപനം ചെയ്യും:

- **0.50 ശതമാനത്തിന്റെ നിബന്ധനകൾ ഇല്ലാത്ത വർധന**
- **ഒരു ശതമാനത്തെ 0.25 ശതമാനങ്ങളുടെ നാലു ഭാഗമാക്കി, അതിൽ ഓരോ ഭാഗവും വ്യക്തമായി നിർദേശിച്ച, സാധ്യമായ പരിഷ്കാര നടപടികളുമായി ബന്ധിപ്പിക്കും.**
- **നാലിൽ മൂന്നു പരിഷ്കാര നടപടികളിൽ പ്രധാന നേട്ടങ്ങൾ ഉണ്ടായാൽ കൂടുതലായി 0.05 ശതമാനം കൂടി.**

सत्यमेव जयते
Goverment Of India

# നന്ദി